# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.3395 | 14.10.2011 -ൽ മറുപടിക്ക് |
|---|---|

## വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ഹൈബി ഈഡൻ: | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | വികലാംഗരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുമോ; | (ബി) | എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇങ്ങനെ നൽകുന്ന തിരിച്ചറിയൽ കാർഡ് ഏതൊക്കെ ആവശ്യങ്ങൾക്കാണ് പ്രയോജനപ്പെടുത്താൻ കഴിയുന്നത്; | (സി) | സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും ലഭിക്കുന്നതുൾപ്പെടെ വിലാംഗർക്ക് ലഭ്യമായ ഏതൊരു ആനുകൂല്യത്തിനും ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകാൻ സംവിധാനമൊരുക്കുമോ? | (ഡി) | വൈകല്യമുള്ളവർക്ക് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ ബ്ലോക്ക് ലവൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. വൈകല്യത്തിന്റെ തോത് സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുന്നത് ജില്ലാ മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ബോർഡാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## (എ). വികലാംഗക്ഷേമ പദ്ധതികൾ

### 1. വികലാംഗദുരിതാശ്വാസ നിധി

പ്രതിവർഷം 12,000/- രൂപയിൽ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ചികിത്സാധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

### 2. വികലാംഗ സ്കോളർഷിപ്പ്

കുടുംബ വാർഷിക വരുമാനം 36,000/- രൂപയിൽ താഴെയുള്ളവരും മുൻവർഷ പരീക്ഷയിൽ 40% മാർക്കെങ്കിലും നേടിയവരുമായ സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോഴ്സ്, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നൽകി വരുന്നു.

### 3. വിവാഹധനസഹായം

വാർഷിക വരുമാനം 36,000/- രൂപയിൽ താഴെയുള്ള ശാരീരിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കും ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ പെൺമക്കൾക്കും വിവാഹധനസഹായമായി 10,000/- രൂപ നൽകി വരുന്നു.

### 4. വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകുന്നതിനായി വകുപ്പിൻ കീഴിൽ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ടു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

### 5. വികലാംഗക്ഷേമ സ്ഥാപനങ്ങൾ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പുനരധിവാസം ലക്ഷ്യമാക്കി വകുപ്പിൻ കീഴിൽ സംസ്ഥാനത്തുടനീളമായി 18 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

a). ആലപ്പുഴയിലും കണ്ണൂരും ഓരോ ബാലവികലാംഗസദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

b). വികലാംഗരായ സ്ത്രീകൾക്കുവേണ്ടി എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലും പുരുഷൻമാർക്കായി കോഴിക്കോട്ടും വികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

c). മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കുവേണ്ടി തൃശൂരിലും പുരുഷൻമാർക്കായി മലപ്പുറത്തും കുട്ടികൾക്കായി കോഴിക്കോട്ടും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

d). മാനസിക രോഗ വിമുക്തി നേടിയ ആരാലും സംരക്ഷണം ലഭിക്കാത്ത സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലും പുരുഷൻമാർക്കുവേണ്ടി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

e). ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, എന്നീ നാലു ജില്ലകളിൽ ഓരോ വൃദ്ധ വികലാംഗസദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

6. **വികലാംഗ തിരിച്ചറിയൽ കാർഡ്**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സ്ഥാപനത്തിലെ മുഴുവൻ പേർക്കും സാമൂഹ്യസുരക്ഷാ മിഷനുമായി ചേർന്ന് വികലാംഗ തിരിച്ചറിയൽ കാർഡും സാക്ഷ്യപത്രവും വിതരണം ചെയ്തു വരുന്നു.

7. **ആശ്വാസകിരണം പദ്ധതി**

ശാരീരിക മാനസിക വൈകല്യങ്ങൾമൂലം ശയ്യാവലംബരായവർക്കും അവരുടെ സംരക്ഷണ ചുമതല ഏറ്റെടുത്തിട്ടുള്ളവർക്കും പ്രതിമാസം 250/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

8. **കാരുണ്യാ നിക്ഷേപ പദ്ധതി**

പ്രവാസി ഇന്ത്യാക്കാർ അററശശേീമഹ അടക്കമുള്ളവരിൽ നിന്നും 1 ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളിലോ ഉള്ള ട്രഷറി നിക്ഷേപങ്ങൾ സ്വീകരിച്ച്, ഇൻസന്റീവ് ഉപയോഗിച്ച് സർക്കാർ വക എച്ച്.എം.ഡി.സി/ഓർഫനേജുകൾ/സ്പെഷ്യൽ സ്കൂളുകളിലെ മാനസിക വെല്ലുവളി നേരിടുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

9. **മാനസിക വെല്ലുവളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്**

സ്വകാര്യസ്ഥാപനങ്ങളിൽ പഠിയ്ക്കുന്ന മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രതിമാസം 75/- രൂപ നിരക്കിൽ സ്കോളർഷിപ്പും യഥാക്രമം സ്കൂൾ റിക്വസിറ്റ് അലവൻസ്, ഡ്രസ്സ് അലവൻസ് ഇനത്തിൽ 50/-, 100/- രൂപയും പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നൽകി വരുന്നു. വാർഷിക വരുമാനം 18,000/- രൂപയിൽ അധികരിക്കാത്ത അന്ധ/അംഗവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് പ്രൊഫഷണൽ സ്യൂട്ട്, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിന് നോൺ റെക്കറിംഗ് ഗ്രാന്റ് ആയി 2500/-രൂപയും പരമാവധി അഞ്ച് വർഷത്തേയക്ക് റീഡേഴ്സ് അലവൻസായി പ്രതിമാസം 1000/- രൂപയും നൽകി വരുന്നു.

ഓട്ടിസം, സെറിബ്രൽ പാൾസി മറ്റു മാനസിക വൈകല്യങ്ങൾ ബാധിച്ചവർക്ക് ഗാർഡിയൻഷിപ്പ് ഏർപ്പെടുത്തുന്നതിനായി നാഷണൽ ട്രസ്റ്റ് ആക്റ്റ് പ്രകാരം ജില്ലാതലത്തിൽ ലോക്കൽ ലവൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സംസ്ഥാന സർക്കാർ സർവ്വീസിൽ വികലാംഗർക്കനുയോജ്യമായ 3% തസ്തികകൾ കണ്ടെത്തി നിയമനം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അവാർഡുകൾ**

സർക്കാർ, പൊതുമേഖല, സ്വകാര്യരംഗങ്ങളിൽ കാര്യക്ഷമമായി ജോലി ചെയ്യുന്ന വികലാംഗർക്ക് 10,000/- രൂപ ക്യാഷ് അവാർഡും പ്രശംസാപത്രവും സംസ്ഥാനതലത്തിൽ നൽകുന്നു.

വികലാംഗർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് 5,000/- രൂപ ക്യാഷ് അവാർഡും പ്രശംസാപത്രവും സംസ്ഥാനതലത്തിൽ നൽകുന്നു.

വികലാംഗ ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും തൊഴിൽ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന വികലാംഗർക്കും നൽകുന്ന ദേശീയ അവാർഡിനുള്ള അപേക്ഷകൾ ശുപാർശ ചെയ്ത് കേന്ദ്ര ഗവൺമെന്റിന് നൽകുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി പ്രായഭേദമില്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്കോളർഷിപ്പ് നൽകി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി വികലാംഗർക്ക് സഹായോപകരണങ്ങൾ വിതരണം ചെയ്തു വരുന്നു.

സന്നദ്ധസംഘടനകൾ നടത്തുന്ന വികലാംഗക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിശീർഷം 200/- രൂപ നിരക്കിൽ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായി സന്നദ്ധസംഘടനകൾ നടത്തുന്ന തൊഴിൽ പരിശീലനകേന്ദ്രങ്ങൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി കേന്ദ്രഗവൺമെന്റിന്റെ ധനസഹായം ലഭ്യമാക്കുന്നു.

(signature)